(ബി) പ്രസ്തുത ഉത്തരവ് അനുസരിച്ച് ആർക്കെങ്കിലും പെൻഷൻ വിതരണം ചെയ്തിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ പെൻഷൻ വിതരണം നടത്താൻ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) പെൻഷനുവേണ്ടി ഇതിനകം എത്ര അപേക്ഷ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 23.9.1994-ലാണ് പേഴ്സണൽ സ്റ്റാഫിൽ നിയമനം ലഭിച്ചവർക്ക് പെൻഷൻ ആനുകൂല്യം നല്കുന്നതിലേക്കുള്ള ഉത്തരവ് പുറപ്പെടുവിച്ചത്.

(ബി)&(സി) 23.9.1994-ൽ പെൻഷൻ നല്കുന്നത് സംബന്ധിച്ച് ആദ്യ ഉത്തരവ് പുറപ്പെടുവിച്ചു എങ്കിലും അതിൽ ഏതാനും വ്യവസ്ഥകൾകൂടി ചട്ടങ്ങൾ ഭേദഗതി ചെയ്ത് ചേർക്കേണ്ടതായി വന്നു. ഇതു സംബന്ധിച്ച നടപടികൾ പൂർത്തീകരിച്ചശേഷം 1998 സെപ്റ്റംബർ മാസത്തിലാണ് അപേക്ഷകൾ ലഭിച്ചുതുടങ്ങിയത്. ഇപ്രകാരം ലഭിച്ച അപേക്ഷകൾ പരിശോധിച്ചു പെൻഷൻ തുക നിശ്ചയിക്കുന്നതിനു അയച്ചപ്പോൾ അക്കൗണ്ടന്റ് ജനറൽ സംസ്ഥാന സർവ്വീസ് പെൻഷൻ പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ പെൻഷൻ തുക നിശ്ചയിക്കുന്നത് സംബന്ധിച്ച വിശദീകരണം ആവശ്യപ്പെടുകയും ഇക്കാര്യം ഗവൺമെന്റ് പരിശോധിച്ചുവരികയുമാണ്. ലഭിച്ച അപേക്ഷകളിൽ അർഹതയില്ലാത്തതായി കണ്ട കേസ്സുകളിൽ മറുപടി നല്കിയിട്ടുള്ളതാണ്.

(ഡി) ആകെ 370 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

98 (1458) ഡിസ്പോസിബിൾ സിറിഞ്ച് വിൽപ്പന നടത്തുന്ന സ്ഥലം

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശുപത്രികളിൽ ഉപയോഗിച്ച ഡിസ്പോസിബിൾ സിറിഞ്ച് ശേഖരിച്ച് വിൽപ്പന നടത്തുന്ന സംഘങ്ങൾ സംസ്ഥാന വ്യാപകമായി പ്രവർത്തിച്ചുവരുന്നു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) ഉപയോഗിച്ച സിറിഞ്ചുകൾ വീണ്ടും വിൽപ്പനശാലകളിൽ എത്തുന്നത് തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇതുമായി ബന്ധപ്പെട്ട് കേസ്സുകൾ ഒന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

(സി) ഉപയോഗിച്ച സിറിഞ്ചുകൾ നശിപ്പിക്കാനുള്ള ഉപകരണങ്ങൾ ധനലഭ്യതയനുസരിച്ച് എല്ലാ ഗവ. കേന്ദ്രങ്ങളിലും എത്തിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിർമ്മാതാക്കളുടെ അംഗീകൃത വിതരണക്കാർ

LIBRARY ARCHIVES Kerala Legislative Assembly

മുഖേന മാത്രമേ സിറിഞ്ച് മൊത്തവ്യാപാരം നടക്കുന്നുള്ളൂ. അത്തരം സ്ഥാപനങ്ങളിൽ ഡ്രഗ്സ് കൺട്രോളർ കർശനമായി പരിശോധനകളും നടത്തുന്നുണ്ട്.

99 (1459) കേന്ദ്രഗവൺമെന്റ് സ്ഥാപനങ്ങൾ അന്യസംസ്ഥാനങ്ങളിലേയ്ക്ക് മാറ്റുവാനുള്ള നീക്കം

ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്രഗവൺമെന്റ് സ്ഥാപനങ്ങൾ അന്യസംസ്ഥാനങ്ങളിലേക്ക് മാറ്റിക്കൊണ്ട് പോകുന്നത് സംസ്ഥാന സർക്കാരിന്റെ സമ്മതത്തോടുകൂടിയാണോ;

(ബി) ഇത്തരം സ്ഥാനങ്ങൾ സംസ്ഥാനത്തുതന്നെ തുടർന്നും പ്രവർത്തിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ;

(സി) കോഴിക്കോട് പ്രവർത്തിക്കുന്ന സെൻട്രൽ പി.ഡബ്ല്യൂ.ഡി. ഓഫീസ് കർണ്ണാടക സംസ്ഥാനത്തിലേയ്ക്ക് മാറ്റിക്കൊണ്ടുപോകുന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) അല്ല.

(ബി) സ്വീകരിക്കുന്നതാണ്.

(സി) കോഴിക്കോട് പ്രവർത്തിക്കുന്ന സെൻട്രൽ, പി.ഡബ്ല്യൂ.ഡി. ആഫീസ് തിരുവനന്തപുരം സർക്കിളിന്റെ കീഴിൽനിന്നും മൈസൂർ സർക്കിളിന്റെ കീഴിൽ കൊണ്ടുപോകുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

100 (1460) സർക്കാരിന്റെ മൂന്നാം വാർഷികാഘോഷം

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റിന്റെ മൂന്നാം വാർഷികം ഏതെല്ലാം വിധത്തിലാണ് ആഘോഷിച്ചതെന്നു പറയുമോ;

(ബി) ഈ ആഘോഷങ്ങൾക്ക് എന്തു ചെലവു വന്നു;

(സി) മൂന്നാം വാർഷികത്തോടനുബന്ധിച്ച് പത്രപ്പരസ്യം നല്കിയ വകയിൽ ഒട്ടാകെ എന്തു ചെലവുണ്ടായി;

(ഡി) മൂന്നാം വാർഷികത്തോടനുബന്ധിച്ച് എന്തെങ്കിലും പ്രസിദ്ധീകരണങ്ങളും പോസ്റ്ററുകളും പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly